പിന്നോക്ക-പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) മഴക്കാലത്ത് പട്ടികവർഗ്ഗക്കാർക്കിടയിലുണ്ടാകുന്ന തൊഴിലില്ലായ്മയും പട്ടിണിയും ഒഴിവാക്കുക എന്ന ഉദ്ദേശത്തോടുകൂടി 'ഫുഡ്സപ്പോർട്ട് പ്രോഗ്രാം', ഗ്രെയ്ൽ ബാങ്ക് സ്കീം, ഫുഡ് ഫോർ വർക്ക് പ്രോഗ്രാം എന്നിവ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത അവസരങ്ങളിൽ പട്ടികവർഗ്ഗക്കാർക്കിടയിൽ പട്ടിണി മരണം ഇല്ലാതാക്കാൻ സൗജന്യറേഷൻ അനുവദിച്ചു നൽകാറുണ്ട്. നിലവിലുള്ള ആയുർവേദ, അലോപ്പതി ചികിത്സാ സംവിധാനങ്ങൾക്കുപുറമേ മഴക്കാലത്ത് പ്രത്യേകമായി മെഡിക്കൽ ക്യാമ്പുകൾ നടത്താറുണ്ട് മഴക്കാലങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കാൻ മൊബൈൽ ക്ലിനിക്കുകളുടെ സേവനം ഉപയോഗപ്പെടുത്തി. അതോടൊപ്പം പരിസരശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാറുണ്ട്.

(ബി) ഉണ്ട്.

(സി) ഈ ആവശ്യങ്ങൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടി

12 (*679) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചെമ്മീൻ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ചെമ്മീൻ കുഞ്ഞുങ്ങൾ രോഗവിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഇതിനായി പി.ഡി.ആർ. പരിശോധനാ കേന്ദ്രങ്ങൾ വ്യാപകമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) കർഷകർക്ക് താങ്ങാവുന്ന നിരക്കിൽ പരിശോധനാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രോഗബാധയാൽ ചെമ്മീൻ കുഞ്ഞുങ്ങൾ നശിച്ചുപോകുന്നതായി കർഷകരിൽ നിന്നും ലഭിച്ച പരാതികളെ തുടർന്ന് അഡാക്കിനെ നോഡൽ ഏജൻസിയാക്കിക്കൊണ്ട് സി.എം.എഫ്.ആർ.ഐ., എം.പി.ഇ.ഡി.എ., മത്സ്യഫെഡ് തുടങ്ങിയവയുടെ ഉന്നത ഉദ്യോഗസ്ഥമാർ അടങ്ങുന്ന ഒരു ഹൈപവർ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ താഴെ പറയുന്ന ശുപാർശകൾ സർക്കാർ തലത്തിൽ നടപ്പാക്കി വരുന്നു.

1. മത്സ്യഫെഡിൽ നിന്ന് കൊഞ്ചിന്റെ കുഞ്ഞുങ്ങളെ വാങ്ങിയ കർഷകർക്ക് സബ്സിഡി നിരക്കിൽ കുഞ്ഞുങ്ങളെ നൽകും. കർഷകർ അതിനായി പേര് വിവരങ്ങൾ അഡാക്കിനെ അറിയിക്കേണ്ടതാണ്.

2. ഗ്രൂപ്പ് ഇൻഷ്വറൻസ് കൊണ്ടുവരുന്ന കാര്യം പരിഗണിക്കും.

3. ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കാൻ പ്രോത്സാഹിപ്പിക്കും.

4. പ്രോൺ ഫാമിംഗ് കാലാവധി നീട്ടുന്നതിനെക്കുറിച്ച് ആലോചിക്കും.

5. കൊഞ്ചിന്റെ കുഞ്ഞുങ്ങൾ നഷ്ടമായാൽ ബാങ്കിൽ നിന്ന് ലോൺ എടുത്തിട്ടുള്ള കർഷകർക്ക് തിരിച്ചടവ് നടത്തുന്നതിനുള്ള കാലാവധി നീട്ടാൻ ലീഡ് ബാങ്കുകളോട് അപേക്ഷിക്കും.

6. ജലമലിനീകരണംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കും.

7. ബോധവൽക്കരണം നടത്തി വേണ്ട നിർദ്ദേശങ്ങൾ കർഷകർക്ക് നൽകും.

8. ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ ഉദാരമാകും.

9. എം.പി.ഇ.ഡി.എ. സബ്സിഡി ഉപയോഗിച്ച് പി.ഡി.ആർ. ടെസ്റ്റിംഗ് സെന്ററുകൾ കൂടുതലായി സ്ഥാപിക്കും.

(സി) ചെമ്മീൻ കുഞ്ഞുങ്ങൾ വൈറസ് രോഗ വിമുക്തമാണെന്ന് ഉറപ്പ് വരുത്തുന്നതിനായി മൂന്ന് പി.ഡി.ആർ. ലാബോറട്ടറികൾ തിരുവനന്തപുരം ജില്ലയിലെ മാടയത്തും എറണാകുളം ജില്ലയിലെ പറവൂർ, ചെല്ലാനം കുമ്പളങ്ങി എന്നിവിടങ്ങളിലും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

2. സർക്കാർ അംഗീകൃത ചെമ്മീൻ ഫാക്ടറികളിൽ നിന്ന് ഗുണമേന്മയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ വാങ്ങി പി.ഡി.ആർ. ടെസ്റ്റിംഗിന് വിധേയമായി ചെമ്മീൻ പാടങ്ങളിൽ നിക്ഷേപിക്കും.

3. അന്യസംസ്ഥാനങ്ങളിൽ നിന്നും നിരുത്തരവാദപരമായി കൊണ്ടു വരുന്ന രോഗബാധയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ നേരിട്ട് വാങ്ങി നിക്ഷേപിക്കുന്ന രീതി ഒഴിവാകും.

LIBRARY ARCHIVES Kerala Legislative Assembly

4. ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും വർക്ക് ഷോപ്പുകളും അഡാക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

5. ഹാച്ചറികളിൽ നിന്നും ഗുണമേന്മയുള്ള കുഞ്ഞുങ്ങളെ അവയുടെ നിറം, പ്രതികരണശേഷി, ചലനശേഷി എന്നിവ നിരീക്ഷിച്ച് കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) തിരുവനന്തപുരം (ഓടയം) എറണാകുളം എന്നീ ജില്ലകളിലാണ് പരിശോധന കേന്ദ്രങ്ങൾ നടപ്പാക്കാനുദ്ദേശിക്കുന്നത്. അതിൽ എറണാകുളത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ഒരു ലബോറട്ടറിക്കായുള്ള ഡിപ്പാർട്ട്മെന്റ് വിഹിതം 5 ലക്ഷം രൂപ ഇതിനകം അഡാക്കിന് കൈമാറി കഴിഞ്ഞു. പ്രസ്തുത പി.ഡി.ആർ. ലാബിന്റെ നിർമ്മാണം അഡാക്ക് തുടങ്ങികഴിഞ്ഞു. തിരുവനന്തപുരത്ത് ഓടയത്തും പി.ഡി.ആർ. ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(എഫ്) അഡാക്കിന്റെ നേതൃത്വത്തിൽ നിലവിൽ വരുന്ന പി.ഡി.ആർ. ലബോറട്ടറികളിൽ ആദായ നിരക്കിൽ പരിശോധനാ സൗകര്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

പത്താം പദ്ധതിക്കാലത്ത് ലക്ഷ്യമിട്ട വൈദ്യുതോല്പാദനം

13 (*680) ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം പദ്ധതിക്കാലത്ത് എത്ര ജലവൈദ്യുതിയും താപവൈദ്യുതിയും അധികമായി ഉല്പാദിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(ബി) പത്താം പദ്ധതിയുടെ ആദ്യവർഷത്തെ ലക്ഷ്യങ്ങൾ വൈദ്യുതിയെ സംബന്ധിക്കുന്നിടത്തോളം എന്തെല്ലാമായിരുന്നു ;

(സി) അതിൽ എത്രത്തോളം ലക്ഷ്യം നേടാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) 440.35 മെഗാവാട്ട് ശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികൾ പത്താം പദ്ധതിക്കാലത്ത് പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സ്വകാര്യപങ്കാളിത്തത്തോടെ ആകെ 77.5 മെഗാവാട്ട് ശേഷി പ്രതീക്ഷിക്കുന്ന 30 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. ഇൻഡിക്കേറ്റീവ് പവർ പർച്ചേസ് എഗ്രിമെന്റ് നിലവിലുള്ള ആറു സ്വതന്ത്ര താപ വൈദ്യുത ഉൽപ്പാദന പദ്ധതികളിൽ ആദ്യം പൂർത്തിയാകുന്നവയിൽ നിന്നും 500 മെഗാവാട്ട് വൈദ്യുതിയും പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly